# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പ്രമാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്സ്.എ.പി.റ്റി.എ.പി 9 - 173/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 31/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പ്രമാടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്സ്.എ.പി.റ്റി.എ.പി 9 - 173/2022 തീയ്യതി: 31/03/2022

## പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-02-2020 മുതൽ 12-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 13-01-2022 | 31-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2022 | 31-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ അനിൽകുമാർ റ്റി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സൂര്യപ്രഭ പി.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റോബിൻ പീറ്റർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ നവനീത് | പ്രസിഡന്റ് | 21-12-2020 | 31-03-2022 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീ.സന്ദീപ് ജേക്കബ് | സെക്രട്ടറി | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുജിത്ത് എസ്. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ.ഫിന്നി കെ.രാജു | വി.ഇ.ഒ. | 01-04-2020 | 17-06-2020 |
| ശ്രീ.ഹനീഫ എൻ. | വി.ഇ.ഒ. | 18-06-2020 | 31-03-2021 |
| ശ്രീമതി വൽസല | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ.സജിത എസ്.പിള്ള | വെറ്ററിനറി സർജൻ | 01-04-2020 | 24-05-2020 |
| | | 01-08-2020 | 16-09-2020 |
| ഡോ.ഷീന ഗ്രേയ്സ് കോശി | വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| ഡോ.ഷെറിൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.രമ്യ ദത്ത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 30-11-2020 |
| ഡോ. സജിത സത്യൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 28-01-2021 | 31-03-2021 |
| ശ്രീമതി ബിന്ദു വി.നായർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 30-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി മിനി റ്റി.എച്ച്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആൻസി എം.സലിം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുബിൻ എസ്.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി തോമസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ്കുമാർ എസ്. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.അനുപമ | വെറ്ററിനറി സർജൻ | 25-05-2020 | 31-07-2020 |
| ഡോ.ഷീജ ബീഗം (ചാർജ്ജ്) | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-12-2020 | 27-01-2021 |
| ശ്രീമതി ദീപിക എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ഡോ. നുജൂം | മെഡിക്കൽ ഓഫീസർ (ആയുർവേദം)) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 05-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-6 |
| 7 | ക്ഷേമ പെൻഷൻ<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-11 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-12 |
| 13 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-14 |
| 15 | വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 1-15 |
| 16 | തെറ്റായ സത്യവാങ്മൂലം ഹാജരാക്കി കെട്ടിട നമ്പർ കരസ്ഥമാക്കി<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-16 |

| | | |
|---|---|---|
| 17 | മതിയായ പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-17 |
| 18 | സിറ്റിംഗ് ഫീസ് അധികം നൽകി<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-18 |
| 19 | അവശ്യ രേഖകൾ സൂക്ഷിച്ചിട്ടില്ല – കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-19 |
| 20 | റീടെൻഷൻ തുകകൾ മടക്കി നൽകി; ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 24-03-2022) | 1-20 |
| 21 | ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന റീടെൻഷൻ തുകകൾ<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-21 |
| 22 | വെള്ളക്കരം യഥാസമയം ഒടുക്കിയില്ല; പിഴ പലിശ ഇനത്തിൽ നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-22 |
| 23 | പശ്ചാത്തല മേഖലയിൽ ഫലക്ഷമതയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-23 |
| 24 | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല – പിഴ ഈടാക്കികൊണ്ട് കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടില്ല<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 1-24 |
| 25 | ഒരു കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി മറ്റൊരു കരാറുകാരന് കൈമാറി - ക്രമവിരുദ്ധമായ നടപടി<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 1-25 |
| 26 | സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-26 |
| 27 | പ്രവൃത്തി നടപ്പാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 1-27 |
| 28 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 193455 രൂപ<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-28 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-29 |
| 30 | റിവോൾവിംഗ് ഫണ്ടായി നൽകിയ തുക കുടുംബശ്രീ | 1-30 |

| | | |
|---|---|---|
| | അക്കൗണ്ടിൽ ശേഷിക്കുന്നു<br>Written By: Harikumar.S (Auditor, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | |
| 31 | മത്സ്യകൃഷി - സബ്സിഡി തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്നും നൽകി<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-31 |
| 32 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-32 |
| 33 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-33 |
| 34 | വികസന ഫണ്ട് തനത് ഫണ്ട് അക്കൗണ്ടിൽ<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-34 |
| 35 | പ്രളയബാധിതർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ലഭിച്ച പ്രത്യേക ഫണ്ട് മരാമത്ത് പ്രവൃത്തികൾക്കായി വകമാറ്റി<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-35 |
| 36 | മേശയും കസേരയും വാങ്ങൽ - സ്റ്റോക്ക് , വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-36 |
| 37 | സ്കൂളുകൾക്ക് കസേര വാങ്ങൽ - പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-37 |
| 38 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 1-38 |
| 39 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Jayaprabha P (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-39 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല; നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 88.61 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-40 |
| 41 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ മിച്ചമുള്ളത് 6.27ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-41 |
| 42 | സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 51.22 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 05-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-42 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: T Anilkumar (Audit Officer (HG), On 04-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 25-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 14-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: T Anilkumar (Audit Officer (HG), On 30-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 02-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 16.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ **2020-21** വർഷത്തെ വാർഷിക ധനകാര്യ പത്രിക 26/05/2021-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. **ഷെഡ്യൂൾ ബി3 : Reserves**:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

3. **ഷെഡ്യൂൾ ബി4: Grants & Contributions For Specific Purposes:-** വിവധ കേന്ദ്ര/സംസ്ഥാന ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. 320100299 എന്ന ഹെഡിൽ 144816 രൂപ വർഷങ്ങളായി നീക്കിയിരിപ്പ് കാണിക്കുന്നുണ്ട്. വാർഷിക കണക്ക് പ്രകാരമുള്ള ഐ.സി.ഡി.എസ്.സെൻട്രൽ ഷെയർ മുന്നിരിപ്പ് (1315270) നീക്കിയിരിപ്പ് (760067) തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിലെ തുകകളുമായി (1229312, 674109) പൊരുത്തപ്പെടുന്നില്ല.

4. **ഷെഡ്യൂൾ ബി4**:- സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ചതിൽ നീക്കിയിരുപ്പുള്ള തുകകൾ(7431080) കാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിന്റെ നീക്കിയിരുപ്പുമായി (5182197) പൊരുത്തപ്പെടുന്നില്ല.

5. സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. മിൽക്ക് ഇൻസെന്റീവ് ഇനത്തിൽ 2018-19 ൽ ചെലവഴിക്കുവാൻ ശേഷിച്ച 51117 രൂപ 27/08/2020 ൽ തിരിച്ചടച്ചിരുന്നു. ഈ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. 49ാം നമ്പർ അങ്കണവാടി നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2019-20 ലഭിച്ച 5 ലക്ഷം രൂപ 31.03.2020-ൽ എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ്മിഷന് കൈമാറിയെങ്കിലും ചെലവ് കാണിച്ചിരുന്നില്ല. ഈ തുക നീക്കിയിരിപ്പിലും ഉൾപ്പെട്ടിട്ടുണ്ട് ആയതിനാൽ തന്നെ ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല.

6. ശുചിത്വ മിഷൻ ഫണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകളില്ല.

7. **ഷെഡ്യൂൾ ബി-5**:- Secured Loan From Hudco- 7046280 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 3479386 രൂപയാണ്.

8. **ഷെഡ്യൂൾ B7, RP 34**:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ് /ബിഡ്ഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് /സപ്ളയേഴ്സ്/ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9. **ഷെഡ്യൂൾ B9, B15**:- റവന്യൂ-വാടക- ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് കളക്ഷൻ (7602), തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

10. **ഷെഡ്യൂൾ ബി-9**:- മൂന്നുമാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

12. **ഷെഡ്യൂൾ B14**:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

13. **<u>ഷെഡ്യൂൾ B15</u>**:- വസ്തു നികുതി വരവ്, ചെലവ് നീക്കിയിരിപ്പ്-സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. **<u>ഷെഡ്യൂൾ B15, I-3, RP-43</u>**:- ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽവാടക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

15. **<u>ഷെഡ്യൂൾ ബി-18</u>**:- വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.
ഉദാ:
Deposit With KWA - 8640000

Depoist With KSEB - 8010000

16. **<u>ഷെഡ്യൂൾ B17</u>**:- MGNREGS അക്കൗണ്ടിൽ നിന്നും യഥാസമയം തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുന്നില്ല. വർഷാവസാനം ബാങ്ക് അക്കൗണ്ടിൽ 1413175 രൂപ റീക്കൂപ്പ് ചെയ്യാതെ അവശേഷിക്കുന്നു.

17. **<u>ഷെഡ്യൂൾ B18</u>**:- Advance To Others:- റീക്കൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്ന തുക (2105051) കൃത്യമല്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് 213801 രൂപയാണ്.

18. **<u>ഷെഡ്യൂൾ I-1 I-4(B), RP-43</u>**:- ലൈസൻസ് ഫീസ്, വ്യാപാരികളുടെ തൊഴിൽ നികുതി- ഡിമാന്റ്, കളക്ഷൻ തുകകൾ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

19. **<u>ഷെഡ്യൂൾ I-6</u>**:- MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

20. **<u>ഷെഡ്യൂൾ I-6</u>**:- സെൻട്രൽനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും ഹരിത സഹായ സ്ഥാപനത്തിന് തുക നൽകുന്നതിനായി പ്രോജക്ട് പ്രകാരം 143835 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വോട്ടിംഗ് മെഷീനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 55537 രൂപയുടെ ചെലവും അക്കൗണ്ട് ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-3 സാമ്പത്തിക വിശകലനം</u>

| | |
|---|---|
| മുന്നിരിപ്പ് | 39488817 |
| വരവ് | 110661767 |
| ആകെ | 150150584 |
| ചെലവ് | 135739398 |
| നീക്കിയിരിപ്പ് | 14411186 |

## <u>1-4 ഗ്രാന്റ് വിനിയോഗം</u>

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22156326 | 22156326 | 22137206 | 19120 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10754000 | 10754000 | 9491089 | 1262911 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 615000 | 615000 | 325066 | 289934 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 13312096 | 13312096 | 9859080 | 3453016 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | | 7510000 | 7510000 | 4009756 | 3500244 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 16676000 | 16676000 | 16676000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 5491000 | 5491000 | 5491000 | 0 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ലൈഫ് - സ്റ്റേറ്റ് ഷെയർ | 0 | 1200000 | 1200000 | 0 | 1200000 |
| ശുചിത്വ മിഷൻ | 2437011 | 3492615 | 5929626 | 1698161 | 4231465 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 394247 | 41071770 | 41466017 | 40052846 | 1413171 |
| ഐ.സി.ഡി.എസ്. | 1229312 | 1152165 | 2381477 | 1707368 | 674109 |

**ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ:-**

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 746471 | -- |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി അധിക വേതനം | 1752000 | -- |
| വികസന ഫണ്ട് - എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 278549 | -- |
| വികസന ഫണ്ട് - റ്റി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14627 | |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 55537 | 55537 |

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും ഹരിത സഹായ സ്ഥാപനത്തിന് തുക നൽകുന്നതിനായി പ്രോജക്ട് പ്രകാരം 143835 രൂപ പ്രോജക്ട് പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ് സുലേഖ സോഫ്റ്റ്‌വെയറിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിലും ഉൾപ്പെട്ടിട്ടില്ല.

3) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 420 | 141637725 | 346 | 98236578 | 74 | 82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | 38804786 | 38804786 | 38804786 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 394227.25 | 2267004 | 2261231.25 | 1248060 | 1413171.25 |

## 1-7 ക്ഷേമ പെൻഷൻ

**ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 6964800 | 446 |
| വിധവാപെൻഷൻ | 24126700 | 1597 |
| വാർദ്ധക്യകാലപെൻഷൻ | 36894500 | 2635 |
| വികലാംഗപെൻഷൻ | 6448300 | 436 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 155200 | 12 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2021 3.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3513 രൂപ (മൂവായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

. നൂറു ശതമാനം നികുതി പിരിവ് ആർജ്ജിച്ചിട്ടില്ല. പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്.

. തപാൽ വിതരണ രജിസ്റ്ററിൽ എല്ലാ ജീവനക്കാരും ഒപ്പിട്ട് തപാൽ സ്വീകരിക്കുന്നതായി കണ്ടില്ല.

. സ്ഥാപനത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിക്കുന്നില്ല. ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ഹെഡ് ക്ലർക്ക് അവ പരിശോധിക്കുകയോ ചെയ്യുന്നില്ല.

. ധനസംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ലർക്ക് കൃത്യമായി കുറിപ്പ് എഴുതാതിരിക്കുകയോ അഥവാ കുറിപ്പ് എഴുതുന്ന സംഗതിയിൽ ഹെഡ് ക്ലർക്ക് അത് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുകയോ സെക്രട്ടറി ഉത്തരവ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്താതെയാണ് ചെക്ക്/ബിൽ എഴുതുന്നത്.

. ഫ്രണ്ട് ഓഫീസ് ഡയറി നിശ്ചിത മാതൃകയിലും, ക്രമത്തിലും എഴുതി സൂക്ഷിച്ചിരുന്നില്ല. സേവനം നൽകുന്നതിന്റെ വിവരങ്ങൾ ഡയറിയിൽ കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല.

. സൂചിക ബാക്ക് ഓഫീസ് പ്രവർത്തനം കാര്യക്ഷമമല്ല. സൂചിക സോഫ്റ്റ്വെയർ പ്രകാരം വർഷാന്ത്യത്തിൽ 5288 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായാണ് കാണുന്നത്.

. വൌച്ചറുകൾ സൂക്ഷിപ്പിൽ അപാകതയുണ്ട്. എല്ലാ പേയ്മെന്റ് വൌച്ചറുകളും സെക്രട്ടറി ഒപ്പിട്ട് ആധികാരികമാക്കിയിരുന്നില്ല. ഇ.എം.ഡി. മടക്കി നൽകുമ്പോൾ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല. വൌച്ചറുകൾക്കൊപ്പമുള്ള ബില്ലുകൾ ക്യാൻസൽ ചെയ്യുന്നില്ല.

. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഇൻകുമ്പൻസി രജിസ്റ്റർ കൃത്യമായും, കാലികമായും സൂക്ഷിച്ചിരുന്നില്ല.

. സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതായി കാണുന്നില്ല.

. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

. ടെയ്ഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

. കാഷ്യൽ ലീവ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിരുന്നില്ല.

. ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച ഫയലും രജിസ്റ്ററുകളും പൂർണ്ണമല്ല. വാടകക്കാർ എല്ലാവരും എഗ്രിമെന്റ് വെച്ചിട്ടില്ല. ശൂന്യമായ മുദ്രപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഭാഗമായുള്ള എഗ്രിമെന്റുകളിൽ സെക്രട്ടറി ഒപ്പ് വയ്ക്കുന്നില്ല.

. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സംഗതിയിൽ ബന്ധപ്പെട്ട ഏജൻസിയുമായി മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ലെന്ന് കാണുന്നു.

. മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

. ഗ്രാമസഭാ മിനിട്സുകളിൽ കൺവീനറും, കോ-ഓർഡിനേറ്ററും ഒപ്പിട്ട് ആധികാരികമാക്കുന്നില്ല.

. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല. ലോഗ് ബുക്കിൽ യാത്ര ചെയ്ത എല്ലാ വ്യക്തികളും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. ലോഗ് ബുക്കിൽ മാസാന്ത്യ ക്ലോസിംഗ് രേഖപ്പെടുത്തി ഇന്ധന ഉപഭോഗവും, മൈലേജും നിരീക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.09.2021 മുതൽ 15.09.2021 വരെ | 4/2020 മുതൽ 3/2021 വരെ | 24.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2017 | 2012-13 മുതൽ 2016-17 വരെ | 18.09.2017 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി.

1) <u>തൊഴിൽനികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ | 1st & 2nd |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 6 | കേരള ഗ്രാമീൺ ബാങ്ക്, വി.കോട്ടയം | 1st & 2nd |
| 7 | ജില്ലാ സഹകരണ ബാങ്ക്, മല്ലശ്ശേരി | 1st & 2nd |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, മല്ലശ്ശേരി | 1st & 2nd |
| 9 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, മല്ലശ്ശേരി | 1st & 2nd |
| 10 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, മല്ലശ്ശേരി | 1st & 2nd |
| 11 | എസ്.ബി.ഐ. മല്ലശ്ശേരി | 1st & 2nd |
| 12 | ജനതാ സർവ്വീസ് സഹകരണ ബാങ്ക്, വി.കോട്ടയം | 1st & 2nd |
| 13 | കാനറ ബാങ്ക്, പ്രമാടം | 1st & 2nd |
| 14 | വകയാർ സർവ്വീസ് സഹകരണ ബാങ്ക് | 1st & 2nd |
| 15 | റ്റി.വി.എസ്. | 1st & 2nd |

<u>2) ജീവനക്കാരുടെ തൊഴിൽനികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | റേഷൻ കടകൾ (19 എണ്ണം) | 1st & 2nd |

| | | |
|---|---|---|
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1st & 2nd |
| 6 | പാറ ഖനനം (സജിത അൻവർ), 12/189-1-1 | 1st & 2nd |
| 7 | പാറഖനനം (രാജീവൻ), 12/175-1 | 1st & 2nd |
| 8 | ബി.സി. ഡീസൽ സർവ്വീസ്, 3/512 | 1st & 2nd |
| 9 | യൂണിയൻ റബ്ബർ മിൽസ്, 2/12-4 | 1st & 2nd |
| 10 | എ.ജെ. എന്റർ പ്രൈസസ്, 18/644 | 1st & 2nd |
| 11 | ന്യൂ ബ്രദേഴ്സ് ഐസ് പ്ലാന്റ് , 2/494, 494A | 1st & 2nd |
| 12 | എം.ജി.എസ്. വുഡ്സ്, 1/230B | 1st & 2nd |
| 13 | ഓമൽ ഇൻഡസ്ട്രീസ്, 2/219B | 1st & 2nd |
| 14 | മണ്ണിൽ ഫ്യൂവൽസ്, 18/94B | 1st & 2nd |
| 15 | സിബി ഹോളോബ്രിക്ക്സ്, 3/119 | 1st & 2nd |
| 16 | ഗ്യാലക്സി ഇൻഡസ്ട്രീസ്, 17/435 | 1st & 2nd |
| 17 | റോയൽ ഹോംസ് & ഫർണിച്ചർ, 19/328 | 1st & 2nd |
| 18 | സ്നോ വാഷ്, 8/325B | 1st & 2nd |
| 19 | എ.എസ്. സർജിക്കൽ ഐറ്റംസ്, 1/288E | 1st & 2nd |
| 20 | രുദ്രാ ആയുർവ്വേദ ക്ലിനിക്ക്, 2/525 | 1st & 2nd |
| 21 | കാദംബരി ഫ്ലോർമിൽ, 6/1A | 1st & 2nd |
| 22 | അരസ് അക്വാ സിൽവർ, 1/287 | 1st & 2nd |
| 23 | ഭാരത് ഫർണിഷിംഗ് കമ്പനി, 4/178A | 1st & 2nd |
| 24 | ക്വാളിറ്റി എൻജിനീയറിംഗ്, 10/302 | 1st & 2nd |
| 25 | സെന്റ് ജോർജ്ജ് വുഡ് ഇൻഡസ്ട്രീസ്, 2/500 | 1st & 2nd |
| 26 | കൃഷ്ണ ഹോളോബ്രിക്സ്, 5/409 | 1st & 2nd |
| 27 | ഇൻഡ്രുപിഡ് വർക്ക്സ് ലിമിറ്റഡ്, മെറിഡിയൻ മോട്ടോ, മല്ലശ്ശേരി, 2/500 A, B, C, D | 1st & 2nd |
| 28 | ളുമ്പുമ്പാട്ട് നഴ്സിംഗ് ഹോം | 1st & 2nd |
| 29 | വഞ്ചിപ്പാറ ഏജൻസീസ് | 1st & 2nd |
| 30 | അപരാജിത ഡൈനാമിക് സിനർജീസ് ലിമിറ്റഡ് | 1st & 2nd |
| 31 | ഗോകുൽ കാറ്ററിംഗ് സർവ്വീസ്, പ്രമാടം | 1st & 2nd |
| 32 | ശാസ്ത പാക്കേഴ്സ് & കണ്ടെയ്നേഴ്സ് പ്രൈ. ലിമിറ്റഡ് | 1st & 2nd |

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>**

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | ജിതിൻ ജെ ചന്ദ്രൻ |
| 2 | സതീഷ് കുമാർ |
| 3 | പി.ജെ.കുര്യൻ |
| 4 | പ്രസാദ് സി.എസ്. |
| 5 | പ്രശാന്തകുമാർ |
| 6 | വി.സി.രാജു |
| 7 | കിഷോർ പി. ദിവാകർ |
| 8 | രാജശേഖരൻ നായർ |
| 9 | സിനിത്ത് വി. |
| 10 | ബി. ബാലചന്ദ്രൻ നായർ |
| 11 | സജി പി. ജോർജ്ജ് |
| 12 | പി.ഡി. പത്മകുമാർ |
| 13 | നിർമ്മല പ്രദീപ് |
| 14 | ജി. അനിൽകുമാർ |
| 15 | സലിം എം. |
| 16 | കെ. എസ്. പുരുഷോത്തമൻ |
| 17 | മനോജ് കുമാർ |
| 18 | സിബി ഡാനിയൽ |
| 19 | ജയകുമാർ ജെ. |
| 20 | ബബില്യ റ്റോം സക്കറിയ |
| 21 | അസീസ് എം.എം. |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | റേഷൻ കടകൾ |
| 2 | പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം |
| 3 | വകയാർ ക്ഷീരോല്പാദക സഹകരണ സംഘം |
| 4 | വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം |
| 5 | ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നത് മൂലം ലൈസൻഡ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ., റിലയൻസ് മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവ്വറിന്റെ വിവരങ്ങൾ | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 6/442/A, റിലയൻസ് ടവ്വർ | 2019-20 - 2020-21 | 13956 |
| 2 | 15/496/C, ബി.എസ്.എൻ.എൽ. | 2018-19 - 2020-21 | 26838 |
| 3 | 16/186/A, ബി.എസ്.എൻ.എൽ. | 2018-19 - 2020-21 | 26838 |
| 4 | 17/142, ബി.എസ്.എൻ.എൽ. | 2018-19 - 2020-21 | 23004 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/29.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വാടകയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തനത് വരുമാനമാണ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നുമുള്ള വാടക. വകയാർ ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ച് കടമുറികൾ, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സിലെ ഏഴ് കടമുറികൾ, പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സിലെ പതിമൂന്ന് കടമുറികൾ, പൂങ്കാവിലെ എട്ട് സ്റ്റാളുകൾ, വകയാറിലെ പുതിയ ഷോപ്പിംഗ് കോപ്ലക്സിലെ ഏഴ് കടമുറികൾ എന്നിവയാണ് നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടകതുക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നില്ല. വാടക കുടിശ്ശികയിനത്തിൽ വൻതുക പിരിച്ചെടുക്കുവാൻ ശേഷിക്കുന്നു. വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകളുടെ കണക്കുകളും ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ വാടകയിനത്തിൽ 448581 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായ 277726 രൂപയും പിരിച്ചെടുക്കാൻ ശേഷിക്കുന്നു. 2018-19 മുതൽ 2020-21 വരെയുള്ള കുടിശ്ശികയായ 396118 രൂപ നിലവിൽ പിരിഞ്ഞു കിട്ടാനുണ്ടെന്ന് 21.01.2022-ലെ 13-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറി നമ്പർ, വാടകക്കാരന്റെ വിവരങ്ങൾ | വാടക കുടിശ്ശിക | | | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| | 2018-19 | 2019-20 | 2020-21 | |
| **വകയാർ ഷോപ്പിംഗ് കോംപ്ലക്സ്** | | | | |
| 6, സുനിൽകുമാർ, ഈട്ടിവിളയിൽ, വകയാർ | 2184 | 2184 | 2304 | 6672 |
| 7, രാജേന്ദ്രൻ പി.റ്റി., പുത്തൻവീട്ടിൽ, വകയാർ | 2184 | 2184 | 2304 | 6672 |
| 8, വിജയൻ, നെല്ലിമല, മുറിഞ്ഞകൽ | 2112 | 2112 | - | 4224 |
| **വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സ്** | | | | |
| 1, ജോൺ ഗോമസ് | 14952 | 14952 | 15708 | 45612 |
| 3, ശ്രീധരൻ നായർ | 8040 | 8040 | 7744 | 23824 |
| 4, ജോൺ ഗോമസ് | - | - | 8172 | 8172 |
| 5, വിചിത്രാ വിജയൻ | - | 4896 | - | 4896 |
| 6, അശോക്കുമാർ | - | - | 7640 | 7640 |
| **പൂങ്കാവ് ഷോപ്പിംഗ് കോപ്ലക്സ്** | | | | |

| | | | | |
|---|---|---|---|---|
| 3, ലിസി ജോഷ്വ | - | 112176 | 117780 | 229956 |
| 4, ബിനു ഡാനിയൽ | - | 10540 | 33204 | 43744 |
| **പൂങ്കാവ് സ്റ്റാൾ നം.4, റോസമ്മ** | - | 5250 | 9456 | 14706 |
| **ആകെ** | **29472** | **162334** | **204312** | **396118** |

ഏഴ് വാടകക്കാർ മാത്രമാണ് നിയമാനുസൃതം കരാർ വെച്ചിട്ടുള്ളത്. നാല് പേരിൽ നിന്നും മുദ്രപ്പത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതം കരാർ വെച്ചിട്ടില്ല. പഞ്ചായത്തുകളിൽ കരാറിൽ ഏർപ്പെടുന്നതിന് 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി കരാറുകാർ ഒപ്പ് വച്ചതിനെ സാക്ഷികൾ കൂടി ഒപ്പ് വച്ച് വ്യവസ്ഥാപിതമാക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എച്ച്1-13880/06 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ടി എഗ്രിമെന്റ് സെക്രട്ടറി ഒപ്പ് വച്ച ശേഷം എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതാണെന്നും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാർ, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ ഹെഡ് ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്നും ടി. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർ തന്നെയാണ് നിലവിലും കടമുറികൾ ഉപയോഗിച്ച് വരുന്നത്. കുടിശ്ശിക വരുത്തിയവർക്കെതിരെ ബൈലോ അനുസരിച്ചുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് തനത് ഫണ്ട് വരവിനെ സാരമായി ബാധിക്കുമെന്നതിനാൽ കുടിശ്ശിക തുകകൾ താമസംവിനാ പിരിച്ചെടുക്കുന്നതിനും രജിസ്റ്ററുകളും രേഖകളും കൃത്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലും നിരീക്ഷണവും ഉണ്ടാവേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-16 തെറ്റായ സത്യവാങ്മൂലം ഹാജരാക്കി കെട്ടിട നമ്പർ കരസ്ഥമാക്കി

18.05.2018-ൽ C2-BA(96357)/2018 നമ്പർ പെർമിറ്റ് പ്രകാരം ശ്രീ. അശോക്ക്കുമാർ കുറ എന്നയാൾക്ക് പ്രമാടം വില്ലേജ്, സർവ്വേ നം. 240/19, 240/17-2, 240/18, 240/17-1 എന്നിവയിലുള്ള 4274 ചതുരശ്ര മീറ്റർ ഭൂമിയിൽ 414 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 828 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായ-ഓഫീസ് ആവശ്യങ്ങൾക്കായുള്ള കെട്ടിടവും (127-C, 127-D) 88 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വ്യവസായ ആവശ്യത്തിനുള്ള കെട്ടിടവും (127-E) പ്ലോട്ടിൽ നിലനിന്നിരുന്നു. നിർദ്ദിഷ്ട കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 23.09.2020-ൽ വസ്തുനികുതി നിർണ്ണയിച്ച് 3/127-Fഎന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 530.79 ചതുരശ്ര മീറ്ററാണ്. പെർമിറ്റ് പ്രകാരമുള്ളതിലും അധികമായ 116.79ചതുരശ്ര മീറ്റർ ക്രമവത്ക്കരിച്ചാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. ശ്രീ. അശോക്ക്കുമാർ കുറയുടെ പേരിൽ പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തിയിക്കുന്നത് ശ്രീ. നവീൻ ഫിലിപ്പ് എന്നയാളിന്റെ പേരിലാണ്. നിലവിലുണ്ടായിരുന്ന 916 ചതുരശ്ര മീറ്റർ (828 + 88) ഉം നിർമ്മാണം പൂർത്തിയാക്കിയ 530.79 ചതുരശ്ര മീറ്റർ ഉം ഉൾപ്പെടെ ആകെ 1446.79 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ചട്ടം 59(11.A) പ്രകാരം അഗ്നിശമന ഡയറക്ടറിൽ നിന്നോ, അല്ലെങ്കിൽ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തിയ ഓഫീസറിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. അത്തരത്തിലുള്ള അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ടി. കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളത്. അഗ്നി സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ച് നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് 18.09.2020-ൽ അപേക്ഷകന് കത്ത് നൽകിയിരുന്നു. എന്നാൽ നിർദിഷ്ട കെട്ടിടത്തിന്റെ വിസ്തീർണ്ണം 570.39 ചതുരശ്ര മീറ്റർ മാത്രം ആയതിനാൽ ഫയർ എൻ.ഒ.സി. ആവശ്യമില്ലെന്നും അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള അപേക്ഷകന്റെയും എഞ്ചിനീയറുടെയും സത്യവാങ്മൂലം (അപ്പൻഡിക്സ് എൽ.) മതിയെന്നുമുള്ള അഗ്നിരക്ഷാ നിലയം, പത്തനംതിട്ട സ്റ്റേഷൻ ഓഫീസറുടെ (18.09.2020-ലെ സി-335/2020) കത്ത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്.

എന്നാൽ അപേക്ഷകനായ ശ്രീ. അശോക്ക്കുമാർ കുറ, എഞ്ചിനീയറായ ശ്രീ. അഭിലാഷ് റ്റി. ഡാനിയൽ എന്നിവർ സമർപ്പിച്ച സത്യവാങ്മൂലങ്ങൾ തെറ്റാണെന്നും, സത്യവാങ്മൂലം അനുസരിച്ചുള്ള അഗ്നി സുരക്ഷാ ഉപാധികൾ സ്ഥാപിച്ചിട്ടില്ലെന്ന് സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയതായും അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ കത്തിലൂടെ പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. 19.02.2021-ൽ പഞ്ചായത്തിൽ ലഭിച്ച ടി കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പ്രവേശിക്കുന്ന ആളുകളുടെ ജീവന് യാതൊരു വിലയും കൽപ്പിക്കാത്ത പ്രവർത്തി മനപ്പൂർവ്വമായി ചെയ്ത ടി.യാളുകൾക്കെതിരെ നിയമപരമായ നടപടികൾ കൈക്കൊള്ളുമെന്ന്

ശുപാർശ ചെയ്യുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണം തെറ്റായാണ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് സംശയിക്കുന്നതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ടെന്നും ടി. കത്തിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് അഗ്നി രക്ഷാനിലയം സ്റ്റേഷൻ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനും എഞ്ചിനീയർക്കും കത്ത് നൽകിയതല്ലാതെ മറ്റൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ടി. കെട്ടിടത്തിന് നിലവിൽ ഫയർ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോയെന്നും, കെട്ടിടത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുന്നതിന് 31.01.2022-ൽ 26-ാം നമ്പരായി എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് ഫയർ എൻ.ഒ.സി. ഉറപ്പു വരുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ച് സംശയം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ പ്ലോട്ടിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം അളന്ന തിട്ടപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കെ.പി.ബി.ആർ. ചട്ടങ്ങൾക്ക് വിരുദ്ധമായി തെറ്റായ സത്യവാങ്മൂലം ഹാജരാക്കിയ എഞ്ചിനീയർക്കെതിരെ കെ.പി.ബി.ആർ. 2011 ചട്ടം 144(7), (8) പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 മതിയായ പാർക്കിംഗ്, ശുചീകരണ സൗകര്യങ്ങൾ ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

പ്രമാടം വില്ലേജ്, ബ്ലോക്ക് നമ്പർ 29-ൽ സർവ്വേ നം. 283/16-1-ലുള്ള 263 ചതുരശ്ര മീറ്റർ ഭൂമിയിൽ 288.20 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ (A1&F) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ജിമ്മി മാത്യു ജോർജ്ജ്, ശ്രീ. ജിബി മാത്യു ജോർജ്ജ് എന്നിവർക്ക് 16.09.2020-ൽ C2-3789/2020 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. 144.10 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള തറ നിരപ്പ് നില വാണിജ്യാവശ്യത്തിനുള്ളതും, 143.50 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒന്നാം നിലയിൽ 48.23 ചതുരശ്ര മീറ്റർ വാണിജ്യാവശ്യത്തിനും 95.27 ചതുരശ്ര മീറ്റർ പാർപ്പിടാവശ്യത്തിനുമുള്ളതാണ്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാൻ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>മതിയായ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടില്ല</u>

പാർപ്പിട-വാണിജ്യ ഗണങ്ങളിൽപ്പെടുന്ന ടി. കെട്ടിടത്തിൽ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 9, 10 പ്രകാരം 4 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം (60 ചതുരശ്ര മീറ്റർ) ആവശ്യമാണ്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമപ്രകാരം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്ത് 3 കാറുകൾക്കുള്ള പാർക്കിംഗ് കാണിച്ചിട്ടുണ്ട്. മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനം തിരിക്കുന്നതിനുള്ള സൗകര്യവുമുണ്ടെങ്കിൽ തുറസ്സായ സ്ഥലത്തിന്റെ അമ്പതു ശതമാനം വരെ പാർക്കിംഗ് സ്ഥലമായി കണക്കാക്കാനെ ചട്ടം 29(8) പ്രകാരം വ്യവസ്ഥയുള്ളൂ. അപ്രകാരം കണക്കാക്കുമ്പോൾ 27 ചതുരശ്ര മീറ്റർ സ്ഥലം മാത്രമാണ് പാർക്കിംഗിനുള്ളത്. ചട്ടം 29(5) പ്രകാരം കാർ പാർക്കിംഗിന് ആവശ്യമായ സ്ഥലത്തിന്റെ 25% അധികമായി ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് ആവശ്യമാണ്.

2. <u>ഭിന്നശേഷിക്കാർക്കാവശ്യമായ സൗകര്യങ്ങൾ കാണിച്ചിട്ടില്ല</u>

ഭിന്നശേഷിക്കാർ, മുതിർന്നവർ, കുട്ടികൾ എന്നിവർക്കായി കെട്ടിടത്തിന്റെ പ്രധാന കവാടത്തിലേക്ക് റാമ്പിലൂടെയുള്ള സുഗമമായ പ്രവേശനമാർഗ്ഗം ഉണ്ടാകേണ്ടതാണെന്നുള്ള ചട്ടം 42(1) പാലിച്ചിട്ടില്ല. പുരുഷൻമാർക്കും സ്ത്രീകൾക്കുമായി കെട്ടിടത്തിന്റെ തറനിരപ്പ് നിലയിൽ രണ്ട് ടോയ്‌ലറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ ഭിന്നശേഷിക്കാർക്കും മുതിർന്നവർക്കുമായി ഒരു വാഷ്ബേസിൻ ഉൾപ്പെടെ കുറഞ്ഞത് ഒരു വാട്ടർ ക്ലോസറ്റെങ്കിലും സജ്ജീകരിക്കേണ്ടതാണെന്നുള്ള ചട്ടവും (42(4)) പാലിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർമിറ്റുകൾ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/25.01.2022) മറുപടിയായി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും പെർമിറ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 സിറ്റിംഗ് ഫീസ് അധികം നൽകി

2020 ഏപ്രിൽ മാസത്തെ ജനപ്രതിനിധികളുടെ ഹാജർ ബത്ത ഇനത്തിൽ 1050 രൂപ അധികം നൽകിയിട്ടുണ്ട്. പ്രസിഡന്റ്/വൈസ്പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് പ്രതിമാസം 250 നിരക്കിൽ പരമാവധി

അഞ്ച് യോഗങ്ങൾക്ക് 1250 രൂപയും, അംഗങ്ങൾക്ക് 200 രൂപ നിരക്കിൽ 1000 രൂപയുമാണ് അർഹമായിട്ടുള്ളത്. എന്നാൽ ചുവടെ ചേർക്കുന്ന ജനപ്രതിനിധികൾക്ക് അർഹമായതിലധികം ഹാജർ ബത്ത നൽകി.

| ജനപ്രതിനിധിയുടെ പേര് | മാസം | പങ്കെടുത്ത യോഗങ്ങളുടെ എണ്ണം | അനുവദിച്ച ഹാജർ ബത്ത | അർഹമായത് | അധികം നൽകിയ തുക |
|---|---|---|---|---|---|
| ശ്രീമതി ആനന്ദവല്ലിയമ്മ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 4/2020 | 6 | 6x250=1500 | 5x250=1250 | 250 |
| ശ്രീ കെ.കെ. നെഹ്റു മെമ്പർ | 4/2020 | 6 | 6x200=1200 | 5x200=1000 | 200 |
| ശ്രീമതി അശ്വതി ബി. | 4/2020 | 6 | 6x200=1200 | 5x200=1000 | 200 |
| ശ്രീമതി അന്നമ്മ ഫിലിപ്പ് | 4/2020 | 6 | 6x200=1200 | 5x200=1000 | 200 |
| ശ്രീ കെ.എം. മോഹനൻ | 4/2020 | 6 | 6x200=1200 | 5x200=1000 | 200 |
| **ആകെ** | | | | | **1050** |

(ചെക്ക് നം.245810/01.06.2020) ശ്രീമതി അന്നമ്മ ഫിലിപ്പ്, ശ്രീമതി അശ്വതി, ശ്രീ കെ.എം. മോഹനൻ എന്നിവർ അധികം വാങ്ങിയ 600 രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരികെ ഒടുക്കിയിട്ടുണ്ട്. ശേഷിച്ച 450 രൂപ കൂടി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-19 അവശ്യ രേഖകൾ സൂക്ഷിച്ചിട്ടില്ല – കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ 16.03.20 മുതൽ 31.05.20 വരെ കാലയളവിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ശ്രീ മനോഹരൻ നായർ, മോഹന വിലാസം, ഓക്കൂർ എന്നയാൾക്ക് ചുവടെ ചേർക്കും പ്രകാരം 882402 രൂപ നൽകിയിട്ടുണ്ട്.

| കുടിവെള്ള വിതരണം നടത്തിയ കാലയളവ് | ചെക്ക് നം., തീ. | തുക |
|---|---|---|
| 16.03.20 – 31.03.20 | 245793/21.05.20 | 169420 |
| 01.04.20 – 30.04.20 | 245829/10.06.20 | 419135 |
| 01.05.20 – 31.05.20 | 003044/30.07.20 | 293847 |
| | **ആകെ** | **882402** |

വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്താതെയാണ് കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചത്. ലഭിച്ച ക്വട്ടേഷനുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. കി.മീറ്റർ അടിസ്ഥാനത്തിൽ റേറ്റ് നിർദ്ദേശിച്ചുകൊണ്ടുള്ള ക്വട്ടേഷനുകളല്ല സമർപ്പിക്കപ്പെട്ടത്. ശ്രീ മനോഹരൻ നായർ എന്നയാൾ 2000 ലിറ്റർ ടാങ്കിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ദിവസേന ആദ്യ 40 കിലോമീറ്ററിന് 6000 രൂപയും ശേഷിക്കുന്ന ഒരോ കിലോമീറ്ററിനും 110 നിരക്കിലും ക്വട്ടേഷൻ സമർപ്പിച്ചു ശ്രീ വിജയൻ നായർ എന്നയാൾ 10000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 12000 രൂപയും, ശ്രീ സുജിത്കുമാർ എന്നയാൾ 35 കിലോമീറ്റർ വരെ 7000 രൂപ നിരക്കിലും, ശേഷിക്കുന്ന ഓരോ കിലോമീറ്ററിനും 120 രൂപ വീതവും നിരക്ക് ക്വോട്ട് ചെയ്തു (ടാങ്കിന്റെ അളവ് പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ക്വട്ടേഷൻ നിബന്ധന പ്രകാരമുള്ള 5000 ലിറ്റർ ടാങ്കിന്റെ നിരക്കാണ് ക്വോട്ട് ചെയ്തിരിക്കുന്നതെന്ന് കരുതാവുന്നതാണ്). ഇതിൽ ശ്രീ മനോഹരൻ നായരുടെ ക്വട്ടേഷനാണ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. ഏകീകൃത സ്വഭാവമില്ലാത്ത ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ക്വട്ടേഷൻ സമർപ്പിച്ച പാർട്ടികളുമായി നെഗോഷ്യേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്നതിനു പകരം 2019-20 വർഷം കുടിവെള്ള വിതരണം നടത്തിയ ശ്രീ മനോഹരൻ നായരുടെ ക്വട്ടേഷൻ സെക്രട്ടറിയുടെ വിയോജിപ്പോടെ കമ്മിറ്റി അംഗീകരിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിലും, കരാർ നൽകിയതിലും സുതാര്യതയില്ല.

കടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ജി.പി.എസ്. റിപ്പോർട്ട്, ട്രിപ്പ് ഷീറ്റ്/ലോഗ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് ജലവിതരണം നടത്താനുപയോഗിച്ച ടാങ്കറിന്റെ GPS ലോഗും, ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കി.മീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ചശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമായിരിക്കണം വാടക ഉടമസ്ഥർക്ക് നൽകേണ്ടത്. ഇതിനായി സെക്രട്ടറിയും, പ്രദേശത്തെ വാർഡ് മെമ്പറും ദൈനംദിന ട്രിപ്പ് ഷീറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. എന്നാൽ ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽനിന്നോ, വാട്ടർ അതോറിറ്റി അംഗീകരിച്ച സ്വകാര്യ ശുദ്ധജല സ്രോതസ്സിൽനിന്നോ ആണ് വെള്ളം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്വകാര്യ സ്രോതസ്സിൽനിന്നാണ് വെള്ളം എടുത്തിട്ടുള്ളതെങ്കിൽ വെള്ളം കുടിക്കുവാൻ യോഗ്യമാണോയെന്ന് വാട്ടർ അതോറിറ്റിയോ, ഭക്ഷ്യ സുരക്ഷാ വകുപ്പോ, ആരോഗ്യ വകുപ്പോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിന്റെ രേഖയും ലഭ്യമായിട്ടില്ല. (PHC മെഡിക്കൽ ഓഫീസർ മുഖേന കുടിവെള്ള വിതരണത്തിന് ജലം ശേഖരിച്ച പ്രൈവറ്റ് കിണറിലെ ജലം ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയെങ്കിലും ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല).

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ സാധുതയും, കൃത്യതയും ബോദ്ധ്യപ്പെടാനാവശ്യമായ രേഖകൾ കൃത്യമാക്കി ഹാജരാക്കേണ്ടതാണ്.

## 1-20 റീടെൻഷൻ തുകകൾ മടക്കി നൽകി; ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും ഈടാക്കുന്ന റീടെൻഷൻ തുകകൾ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുമ്പോഴും, റീടെൻഷൻ മടക്കി നൽകുമ്പോഴും, ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ ചുവടെ ചേർക്കും പ്രകാരം 55395 രൂപ റീടെൻഷൻ ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ റീഫണ്ട് ചെയ്ത് നൽകി.

| പ്രോ.നം. | റീടെൻഷൻ തുക | റീഫണ്ടിന്റെ വിവരം (ചെക്ക് നം./തീയതി) |
|---|---|---|
| 260/20 | 12523 | 003234 26.08.20 |
| 288/20 | 10736 | |
| 175/21 | 12365 | |
| 151/21 | 4542 | |
| 117/21 | 2182 | |
| 275/21 | 1730 | |
| 310/21 | 11317 | |
| Total | 55395 | |

ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ടി ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടി തുകകളുടെ വരവിന്റെയും, ചെലവിന്റെയും കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.6/20-21, തീ.17.01.21) ലഭ്യമാക്കിയില്ല. രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന റീടെൻഷൻ തുകകൾ

മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും പിടിച്ച റീടെൻഷൻ തുകകൾ ദീർഘകാലമായി മടക്കി നൽകാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചുവരുന്നതായി ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനത് ഫണ്ടിൽ വരവ് ചേർത്ത തീയിതി | രസീത്/വൌച്ചർ നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|
| 30.03.15 | 114029000114 | 16031 | |
| 05.03.16 | - | 42318 | സാംസ്കാരിക നിലയം |

| | | | |
|---|---|---|---|
| | | | നിർമ്മാണം |
| 17.05.16 | – | 6478 | അങ്കണവാടി നിർമ്മാണം |
| 22.06.17 | – | 5701 | പ്രോ.നം. 134 |
| 22.06.17 | – | 1301 | പ്രോ.നം. 180 |
| 22.06.17 | – | 4054 | പ്രോ.നം. 100 |
| 30.06.17 | 117020900043 | 4475 | പ്രോ.നം. 125 |
| 30.06.17 | 117020900048 | 165208 | |
| 06.07.17 | 117020900044 | 4767 | |
| 21.07.17 | 117020900047 | 3817 | പ്രോ.നം. 168 |
| 21.07.17 | 117020900045 | 7404 | പ്രോ.നം. 170 |
| 21.07.17 | 117020900045 | 2526 | |
| 30.08.17 | 117020910049 | 64514 | |

ടി തുകകൾ കരാറുകാർക്ക് മടക്കി നൽകാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചുവരുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/20-21/18.01.22) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് കരാറുകാർ ക്ലെയിം ചെയ്യാത്തതും, റീഫണ്ട് ചെയ്യേണ്ടതില്ലാത്തതുമായ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-22 വെള്ളക്കരം യഥാസമയം ഒടുക്കിയില്ല; പിഴ പലിശ ഇനത്തിൽ നഷ്ടം

പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം അടയ്ക്കാതിരുന്നതിനാൽ ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയ്ക്ക് ചുവടെ ചേർക്കും പ്രകാരം 3270 രൂപ പിഴ പലിശ നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം., തീയതി | ബിൽ തുക | തൻമാസ ഡിമാന്റ് | പിഴ പലിശ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 44435 17.07.20 | 82589 | 80938 | 1651 | 5/20-ലെ ബിൽ തുക യഥാസമയം ഒടുക്കാതിരുന്നതുമൂലമുള്ള പിഴപലിശ. 5/20-ലെ കരം 245804/28.05.20 നമ്പർ ചെക്ക് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. |
| 2 | 45850 07.10.20 | 82557 | 80938 | 1619 | 8/20-ലെ ബിൽ തുക യഥാസമയം ഒടുക്കാതിരുന്നതുമൂലമുള്ള പിഴപലിശ. 8/20-ലെ വെള്ളക്കരം 003256/04.09.20-ലെ ചെക്ക് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. |
| | **ആകെ** | | | **3270** | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/20-21 തീയതി 17.01.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ കാണിച്ചിരിക്കുന്ന പ്രകാരം പിഴ പലിശ ഇനത്തിൽ ചെലവ് ചെയ്ത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 പശ്ചാത്തല മേഖലയിൽ ഫലക്ഷമതയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് അവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 2020-21-ൽ 273-ഉം മരാമത്ത് പ്രവൃത്തികളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 21 പ്രവൃത്തികൾ മാത്രമായിരുന്നു അഞ്ചുലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്നത്. ഭൂരിപക്ഷം പ്രവൃത്തികളും 100 മീറ്ററിൽ താഴെ നീളം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. വാർഡ്

അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് പശ്ചാത്തല മേഖലയിലെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വികസന ആസൂത്രണമല്ല. അങ്ങനെ ചെയ്യുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. ആയതിനാൽ തദ്ദേശഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല – പിഴ ഈടാക്കികൊണ്ട് കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. എന്നാൽ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടില്ല. PWD മാനവൽ സെക്ഷൻ 2012 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC-യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000, പരമാവധി ₹50000) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000, പരമാവധി ₹100000) പരമാവധി 50% വരെയുള്ള കാലദൈർഘ്യത്തിന് PAC-യുടെ 3% പിഴ ഈടാക്കി മാത്രമേ കാലാവധി ദീർഘിപ്പിക്കുമായിരുന്നുള്ളൂ. പ്രവൃത്തിയുടെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | കരാറുകാരന്റെ പേര്/ കരാർ തീയതി | പി.എ.സി. | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | എം.ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ (PAC യുടെ 3%) |
|---|---|---|---|---|---|
| 97/19 – പുളിമൂക്ക് - മഠത്തിൽകടവ് നിർമ്മാണം<br>ഫൈനൽ ബിൽ തുക – 199265<br>13/20-21/<br>21.04.21 | ശ്രീ ബി. ബാലചന്ദ്രൻ നായർ<br>41/AE/LSGD/PRDM/18-19 20.08.18 | 200000 | 19.02.19 | 03.06.19 | 6000 |
| 171/19 – വെള്ളപ്പാറ അങ്കണവാടി പുതുവേലിൽപ്പടി റോഡ് കോൺക്രീറ്റിംഗ്<br>ഫൈനൽ ബിൽ തുക – 147354<br>12/20-21/<br>21.04.20 | ശ്രീ ബാലചന്ദ്രൻ നായർ<br>44/AE/LSGD/PRDM/<br>21.08.18 | 147600 | 20.02.19 | 31.05.19 | 4428 |

പൊതുമരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ഒരു കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി മറ്റൊരു കരാറുകാരന് കൈമാറി – ക്രമവിരുദ്ധമായ നടപടി

2020-21 വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള രണ്ട് മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത് ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തി നടത്തുന്നതിന് കരാർ ലഭിച്ച കരാറുകാരല്ലെന്ന് കാണുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | കരാറെടുത്ത ആളിന്റെ പേര്, കരാർ നം. | പ്രവൃത്തി നടത്തി ഫൈനൽ ബിൽ കൈപ്പറ്റിയ ആളിന്റെ പേര് |
|---|---|---|
| പൂങ്കാവ് സി.എം.എൽ.പി.സ്കൂൾ പടി പൂവക്കാട് റോഡ് പുനരുദ്ധാരണം (293/21 SO)<br>അടങ്കൽ - ₹250000 (MG-R) | ശ്രീ പ്രസാദ് സി.എസ്.<br>ചെറുവൻ പ്ലാവിൽ,<br>മല്ലശ്ശേരി | ശ്രീ ഷിജു മാത്യു,<br>മണ്ണിൽ പുത്തൻവീട്<br>കൈപ്പട്ടൂർ |

| | | |
|---|---|---|
| ടെണ്ടർ നിരക്ക് - 0.01% കുറവ്<br>ചെലവ് - ₹249553<br>എം.ബുക്ക് നം.145/20-21<br>ഫൈനൽ ബിൽ തുക - ₹222837<br>ബിൽ നം.,തീ. 68404/29.09.20 | (154/AE/LSGD/PRDM/18-19,<br>Dtd. 18.03.20) | |
| വെള്ളപ്പാറ കോളനി സംരക്ഷണഭിത്തി നിർമ്മാണം<br>(273/21 SO)<br>അടങ്കൽ - ₹335000<br>ടെണ്ടർ നിരക്ക് - 0.01% കുറവ്<br>ചെലവ് - ₹334465<br>എം.ബുക്ക് നം. 34/20-21<br>ഫൈനൽ ബിൽ തുക - ₹193264<br>ബിൽ നം., തീ. - 13200/29.01.21 | ശ്രീ സജി പി. ജോർജ്ജ്<br>പുത്തൻവിളയിൽ<br>വെള്ളപ്പാറ<br>(97/AE/LSGD/PRDM/18-19<br>Dtd. 31.01.19) | ശ്രീ പ്രമോദ് വി.ആർ.<br>വാഴവിള പുത്തൻപറമ്പിൽ<br>മല്ലശ്ശേരി |

ടി പ്രവൃത്തികൾ കരാറെടുത്തവർ മറ്റ് വ്യക്തികളെ പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ച നൽകികൊണ്ട് മുക്ത്യാർ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം അന്യവ്യക്തികൾ പ്രവൃത്തി നടത്തുകയും, ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ളതെന്നാണ് കാണുന്നത്.

ഒരു കരാറുകാരൻ ഏറ്റെടുക്കുന്ന പ്രവൃത്തി മുഴുവനായോ ഭാഗികമായോ അദ്ദേഹം തന്നെ മറ്റൊരു കരാറുകാരന് കൈമാറാൻ പാടുള്ളതല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ ടിയാനുമായുള്ള കരാർ ഉടമ്പടി ദുർബലപ്പെടുകയും, ജാമ്യനിക്ഷേപവും കരാറുകാരന് കൊടുക്കുവാനുള്ള ബിൽ തുകയും, പ്രവൃത്തി സ്ഥലത്ത് സംഭരിച്ചിട്ടുള്ള സാധനങ്ങളുടെ വിലയും പഞ്ചായത്തിന് മുതൽക്കൂട്ടാവുന്നതുമാണ് (18.08.2018-ലെ നം.എ.സി.2/223/2015/തസ്വഭവ നമ്പർ തദ്ദേശസ്വയംഭരണ (എ.സി.വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സർക്കുലർ). കരാർ ഉടമ്പടിയിലും ഇപ്രകാരം ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കരാർ ലഭിച്ച് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള കരാറുകാരല്ലാതെ അന്യ വ്യക്തികൾ പ്രവൃത്തി നടത്തുന്നതിന് അനുവദിച്ചതും, ബിൽ തുക പ്രസ്തുത വ്യക്തികൾക്ക് അനുവദിച്ച് നൽകിയതും ക്രമവിരുദ്ധമായ നടപടിയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കാതെ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിലും 12% തുക ജി.എസ്.റ്റി. കോമ്പൻസേഷൻ ഇനത്തിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ(അച്ചടി) നം:87/2017/തസ്വഭവ, 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും ജി.എസ്.റ്റി. രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. കൂടാതെ 29.09.18 തീയതിയിലെ സ.ഉ. (സാധാ) നം:2532/2018/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം ജി.എസ്.റ്റി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, ജി.എസ്.റ്റി. നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. സെൽഫ് ഡിക്ലറേഷന്റെ മാതൃകയും ഈ ഉത്തരവിനോടൊപ്പം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും മേൽ പറഞ്ഞ പ്രകാരം ജി.എസ്.റ്റി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, സെൽഫ് ഡിക്ലറേഷൻ ഫാറവും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 പ്രവൃത്തി നടപ്പാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചില്ല

മുൻ വർഷങ്ങളിൽ കരാർ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തി.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നം.തീ. | നിലവിലത്തെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 245/17 | ചെമ്പികുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ്, നടപ്പാത, റാമ്പ് പാർശ്വഭിത്തി നിർമ്മാണം | 784000 | ശ്രീ ബി. ബാലചന്ദ്രൻ | 145/16-17 31.03.17 | 2018-19 സാമ്പത്തിക വർഷം 1.5 ലക്ഷം രൂപ ഈ പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു |
| 2 | 302/19 | മട്ടലിൽകടവ് തടയണ നിർമ്മാണം | 813480 | ശ്രീ സുധൻ ജി. | 102/18-19 08.02.19 | പദ്ധതി ഉപേക്ഷിച്ചു |
| 3 | 247/20 | പൂവള്ളിമൂരുപ്പ് പട്ടികജാതി കോളനി നടപ്പാത സ്റ്റെപ്പ് കെട്ട് | 50000 | ശ്രീ സതീഷ്കുമാർ ആർ. | 114/18-19 26.02.19 | പദ്ധതി ഉപേക്ഷിച്ചു |
| 4 | 159/19 | കോട്ടയം മുക്ക് - വത്തിക്കാൻ സിറ്റി റോഡ് റീടാറിംഗ് | 500000 | ശ്രീ പി.ഡി. പത്മകുമാർ | 103/18-19 19.02.19 | പദ്ധതി ഉപേക്ഷിച്ചു |
| 5 | 61/20 | പന്നിക്കണ്ടം ഞക്കുകാവ് റോഡ് റീടാറിംഗ് | 215000 | ശ്രീ ഷിജു മാത്യു | 90/19-20 07.10.20 | |
| 6 | 116/20 | മാരാക്കുഴി വടക്കേചരുവ് കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണവും, കോൺക്രീറ്റിംഗും | 236000 | ശ്രീ ബബിലു ടോം സക്കറിയ | 145/19-20 05.03.20 | |
| 7 | 118/20 | വകയാർ ഈട്ടിവിളപ്പടി റോഡ് പുനരുദ്ധാരണം, കോൺക്രീറ്റിംഗ് | 50000 | ശ്രീ സിനിത്ത് വി. | 118/19-20 13.11.19 | പദ്ധതി ഉപേക്ഷിച്ചു |
| 8 | 202/20 | സാംസ്കാരിക നിലയം മെയിന്റനൻസ് | 150000 | ശ്രീ സതീഷ് കുമാർ ആർ. | 111/19-20 24.01.20 | പദ്ധതി ഉപേക്ഷിച്ചു |
| 9 | 368/20 | തലയറകോളനി റോഡിന് സംരക്ഷണഭിത്തി (കോൺക്രീറ്റ്) നിർമ്മാണം | 765000 | ശ്രീ ജയകുമാർ | 02/20-21 04.08.20 | |

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ചവരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും, മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തിയാക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽനിന്നും, ജാമ്യനിക്ഷേപത്തിൽനിന്നും, സ്ഥാവര ജംഗമ സ്വത്തുകളിൽനിന്നും വസൂലാക്കാവുന്നതാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും, കുറഞ്ഞത് 5 വർഷത്തേക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. ടി കരാറുകാരന്റെ ലൈസൻസ് പ്രസ്തുത കാലയളവിൽ പുതുക്കി നൽകാൻ പാടുള്ളതല്ല (18.08.2018-ലെ നം.എ.സി.2/223/2015/തസ്വഭവ നമ്പർ സർക്കുലർ).

കരാർ ലംഘനം നടത്തിയ ടി കരാറുകാരുടെ ജാമ്യ നിക്ഷേപം കണ്ടുകെട്ടേണ്ടതും, മേൽ വിവരിച്ച പ്രകാരമുള്ള തുടർനടപടികൾ അവർക്കെതിരെ സ്വീകരിക്കേണ്ടതുമാണ്.

## 1-28 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നത് 193455 രൂപ

2016-17 മുതൽ 2019-20 വരെ കാലയളവിൽ ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 193455 രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീസാണ് മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **ടെണ്ടറുകളുടെ എണ്ണം** | **തുക** |
|---|---|---|
| 2015-16 | 2 | 15750 |
| 2017-18 | 2 | 11175 |
| 2018-19 | 13 | 48600 |
| 2019-20 | 13 | 58790 |
| 2020-21 | 12 | 59140 |
| **ആകെ** | | **193455** |

2016-17 മുതൽ 2020-21 വരെ ഈ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ഒടുക്കിയിട്ടുള്ള 193455 രൂപ മടക്കി വാങ്ങുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ (സ.ഉ.(കൈ.)നം.11/2018/തസ്വഭവ, തീ. 29.01.2018) ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

1. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (11.2.(6)).

2. നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല (11.4.(2)).

3. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺനമ്പരും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ് പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല (13.5)

4. ഒരു സ്പിൽഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

5. പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുകയോ, പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

6. റോഡ്/റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല (6.7(7))

7. ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(1))

8. തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന നിബന്ധന പാലിച്ചിട്ടില്ല. പഞ്ചായത്തിൽ റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല (7.13(6)).

9. റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(8)).

10. നാറ്റ് പാക്ക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(10)).

11. ഗുണമേന്മയുള്ളതും, ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയിൽ നിർമ്മിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല (7.13(12)).

## 1-30 റിവോൾവിംഗ് ഫണ്ടായി നൽകിയ തുക കുടുംബശ്രീ അക്കൗണ്ടിൽ ശേഷിക്കുന്നു

| പ്രോജക്ടിന്റെ പേരും നമ്പരും. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|
| കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, 65/21 | 639700 (വികസന ഫണ്ട്) | 639700 | 2/20-21/ 08.01.2021 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പദ്ധതി പ്രകാരം 639700 രൂപ കുടുംബശ്രീ സി.ഡി.എസ്.-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി. തുക കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യാതെ കുടുംബശ്രീ അക്കൗണ്ടിൽ ശേഷിക്കുന്നു. അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന ടി തുക മാനദണ്ഡങ്ങൾ പാലിക്കുന്ന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-31 മത്സ്യകൃഷി - സബ്സിഡി തുക പൂർണ്ണമായും വികസനഫണ്ടിൽ നിന്നും നൽകി

ഫിഷറീസ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി എന്നീ പ്രോജക്ടുകളിൽ യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി നൽകാവുന്നതാണ്. സബ്സിഡി ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒരുഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്ന് 29.05.2020 ലെ സ.ഉ.(സാധാ)നം.1009/2020 തസ്വഭവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ അനുവദനീയമായ സബ്സിഡി തുക പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടുകൾ പ്രകാരം അനുവദിച്ചിട്ടുള്ള സബ്സിഡി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പരും പേരും | ആകെ ചെലവ് | പ്രോജക്ട് പ്രകാരം അനുവദനീയമായ സബ്സിഡി(ആകെ ചെലവിന്റെ 40%) | തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന നൽകേണ്ട തുക[2/3(40%] | അധികം അനുവദിച്ച തുക/ ഫിഷറീസ് വകുപ്പ് നൽകേണ്ട തുക |
|---|---|---|---|---|
| 382/2020-21, വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി | 373455 | 149382 | 99558 | 49794 |
| 387/2020-21, ബയോഫ്ളോക്ക് മത്സ്യകൃഷി | 421955 | 168782 | 112521 | 56261 |

ആകെ സബ്സിഡിയുടെ മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പ് നൽകേണ്ടതെന്നിരിക്കേ സബ്സിഡി തുക പൂർണ്ണമായും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/25.01.2022) മറുപടി ലഭ്യമാക്കിയില്ല. ഫിഷറീസ് വകുപ്പിന്റെ വിഹിതം ലഭ്യമാക്കിയിരുന്നെങ്കിൽ അധികം ചെലവഴിച്ച തുക മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് വിഹിതത്തിനൊപ്പം ഫിഷറീസ് വകുപ്പിന്റെ വിഹിതം ലഭ്യമാക്കി മാത്രം പദ്ധതി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണച്ചെലവുകൾക്കായി 2020-21 വർഷം തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡ് തല സാനിട്ടേഷൻ കമ്മിറ്റികൾക്കും 5000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ 1, 2, 7, 16, 19 എന്നീ വാർഡുകളിലെ സാനിറ്റേഷൻ കമ്മിറ്റികൾ തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച്

ഓഡിറ്റ് എൻക്വയറി (നം.8/18.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക ചെലവഴിച്ചിട്ടില്ലെങ്കിൽ തനതു ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

ആയുർവേദാശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (പ്രോ.നം. 337/2020-21) 800000 രൂപ ഔഷധിക്ക് നൽകിയിരുന്നു. ഇതിൽ 235051 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക്, വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-34 വികസന ഫണ്ട് തനത് ഫണ്ട് അക്കൗണ്ടിൽ

വലഞ്ചുഴി വഞ്ചിപ്പടി 49ാം നമ്പർ അങ്കണവാടി നിർമ്മാണത്തിന് (പ്രോ.നം-320) 5 ലക്ഷം രൂപയും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിയ്ക്ക് (പ്രോ.നം-21) 3 ലക്ഷം രൂപയും ബ്ലോക്ക് വിഹിതമായി 2019-20 വർഷം ലഭ്യമാക്കിയിരുന്നു. ഈ തുക സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചത്(24/03/2020, 31/03/2020). 5ലക്ഷം രൂപ 30/03/2020-ൽ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ്.സ്റ്റേറ്റ് മിഷന് നൽകിയിട്ടുമുണ്ട്. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി ലഭിച്ച 3 ലക്ഷം രൂപ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചതെങ്കിലും(31/03/2020) പ്രോജക്ട് പ്രകാരം തുക പിൻവലിച്ചിരിക്കുന്നത് സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയിൽ നിന്നാണ്(5279329/27.05.2020). ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച പദ്ധതി വിഹിതം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഇപ്പോഴും നിലനിർത്തിയിരിക്കുകയാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22.01.2022) മറുപടി നൽകിയിട്ടില്ല. അപാകത പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 പ്രളയബാധിതർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ലഭിച്ച പ്രത്യേക ഫണ്ട് മരാമത്ത് പ്രവൃത്തികൾക്കായി വകമാറ്റി

2018-ലെ മഹാപ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ 12/12/2019-ലെ സ.ഉ(സാധാ.)9823/2019/ധന ഉത്തരവ് അനുസരിച്ച് പൊതുവിഭാഗം വിഹിതമായി 3283000 രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതമായി 1765000 രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതമായി 180000 രൂപയും അനുവദിച്ചിരുന്നു. പ്രകൃതി ദുരന്തത്താൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഈ തുക അനുവദിച്ചത് എന്ന് 23.12.2019-ലെ സ.ഉ(സാധാ.)170/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി, മൃഗസംരക്ഷണം എന്നിവ മുഖ്യതൊഴിലായിട്ടുള്ള നിരവധി ആളുകളുണ്ടായിരുന്നുവെങ്കിലും ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് പ്രോജക്ടുകൾ ഒന്നും തന്നെ ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ചില്ല. പകരം ഈ തുക പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾക്കായി വകയിരുത്തി. എസ്.സി.പി/റ്റി.എസ്.പി വിഭാഗങ്ങൾക്ക് ലഭ്യമായ തുകയും സംരക്ഷണ ഭിത്തി/റോഡ് കോൺക്രീറ്റിംഗിനാണ് വകയിരുത്തിയത്. എസ്.സി.പി.(വനിത) വിഭാഗത്തിനായി 96000 രൂപ വകയിരുത്തി ആട് വളർത്തൽ പദ്ധതി നടപ്പിലാക്കിയതല്ലാതെ ടി വിഭാഗത്തിൽപ്പെടുന്ന ജനങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി വാർഷിക പദ്ധതിയുടെ ഭാഗമായി മറ്റ് പ്രോജക്ടുകൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. ഈ സാഹചര്യത്തിലും ജീവനോപാധികൾ അനുവദിക്കുന്നതിനായി എസ്.സി.പി/റ്റി.എസ്.പി. വിഭാഗത്തിനായി അനുവദിച്ച ഫണ്ടും സംരക്ഷണ ഭിത്തി/റോഡ് നിർമ്മാണത്തിനായി വകമാറ്റിയത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ആകെ ലഭ്യമായ 5263000 രൂപയിൽ 429424 രൂപ മാത്രമാണ് 2019-20 വർഷം ചെലവഴിക്കുവാൻ സാധിച്ചത്. ബാക്കി തുക 2020-21 വർഷം വീണ്ടും അനുവദിച്ചുവെങ്കിലും വകമാറ്റിയ എസ്.സി.പി.പ്രത്യേക വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 13.66 ലക്ഷം രൂപ നഷ്ടപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രളയ ഫണ്ട് | അനുവദിച്ച തുക | ചെലവഴിച്ചതുക | | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | 2019-20 | 2020-21 | | |
| പൊതു വിഭാഗം | 3283000 | 429424 | 2840810 | 3270234 | 12766 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. വിഹിതം | 1765000 | 0 | 398307 | 398307 | 1366693 |
| റ്റി.എസ്.പി. വിഹിതം | 180000 | 0 | 179501 | 179501 | 499 |

പ്രകൃതി ദുരന്തത്തിൽ ജീവനോപാധി നഷ്ടമായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് ആവശ്യമായ ജീവനോപാധി പരിപാടികൾ നടപ്പിലാക്കാൻ അനുവദിച്ച തുക മരാമത്ത് പ്രവൃത്തികൾക്കായി വകമാറ്റിയത് ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 മേശയും കസേരയും വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മൂലപറമ്പ് സാംസ്കാരിക നിലയത്തിന് മേശയും കസേരയും വാങ്ങൽ (പ്രോ.നം.179/21) എന്ന പ്രോജക്റ്റിന്റെ ഭാഗമായി 141 കസേരയും, ഒരു മേശയും M/S. ജെയ്സൺ ഇംപെക്സ്, പുളിയന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഇനത്തിൽ 59805 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം. | ഇനം | എണ്ണം | നിരക്ക് | തുക | ചെലവിന്റെ വവരം |
|---|---|---|---|---|---|
| 81/10.01.20 | പ്ലാസ്റ്റിക് കസേര | 141 | 405 | 57105 | ബിൽ നം.26339/12.04.20 |
| 82/10.01.20 | മേശ | 1 | 2700 | 2700 | |
| **ആകെ** | | | | **59805** | |

മേൽ പറഞ്ഞ പ്രകാരം വാങ്ങിയ കസേരയും, മേശയും സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.25/2020-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല സ്റ്റോക്ക് വിതരണ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 59805 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 സ്കൂളുകൾക്ക് കസേര വാങ്ങൽ - പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ ടി പ്രോജക്റ്റിന്റെ (പ്രോ.നം. 32/2020-21) ഭാഗമായി ശബരി സ്റ്റീൽ ഫർണിച്ചർ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും 162418 രൂപ ചെലവഴിച്ച് ചുവടെ ചേർക്കും പ്രകാരം 281 പ്ലാസ്റ്റിക് കസേരകൾ വാങ്ങിയിട്ടുണ്ട് (ട്രഷറി ബിൽ നം.223055/10.03.21). കസേരകൾ സ്റ്റോക്കിലെടുത്തിട്ടില്ല. 270 എണ്ണം വിവിധ സ്കൂളുകളിലെ പ്രധാനാദ്ധ്യാപികമാർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

| ഇൻവോയ്സ് നം. | ഇനം | എണ്ണം | നിരക്ക് | വില | വിതരണം ചെയ്തത് | റിമാർക്സ് |
|---|---|---|---|---|---|---|
| 132/26.02.21 | പ്ലാസ്റ്റിക് കസേര (Neelkamal Arm Chair) | 281 | 578 | 162418 | 270 | ജി.എൽ.പി.എസ്. ഉാക്കുർ - 80<br>ജി.എൽ.പി.എസ്. വി-കോട്ടയം - 10<br>ജി.എൽ.പി.എസ്. തെങ്ങുംകാവ് - 30<br>ഗവ.വെൽഫയർ എൽ.പി.എസ്. മല്ലശ്ശേരി - 30<br>ജി.എൽ.പി.എസ്. പ്രമാടം - 120 |

അവശേഷിച്ച 11 കസേരകളുടെ വിതരണ വിവരം ലഭ്യമാക്കിയില്ല - സ്റ്റോക്കിലെടുക്കാത്തതും വിതരണം ചെയ്യാത്തുമായ കസേരകളുടെ വില 6378 രൂപ (578X11) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപ്പഞ്ചായത്തിലെ പല അങ്കണവാടികളിലും അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഫണ്ട് കൂടാതെ കേന്ദ്ര വിഹിതം ഇനത്തിൽ ലഭിക്കുന്ന തുകയും ഈ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. കേന്ദ്ര വിഹിതം ഇനത്തിൽ 674109 രൂപ 31.03.2021 തീയതിയിൽ അവശേഷിക്കുന്നുണ്ട്. ഈ തുക കൂടി പ്രയോജനപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/2020-21 തീയതി 19.01.2022) ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 40 |
| സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 33 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 |
| ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവയുടെ എണ്ണം | 1 |
| ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ലാത്തവ | 27 |
| ചുറ്റുമതിൽ ഇല്ലാത്തവയുടെ എണ്ണം | 9 |
| വൈദ്യുതി ഇല്ലാത്തവ | 7 |
| കുടിവെള്ളം ലഭ്യമല്ലാത്തവ | 5 |
| കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 1,സെന്റർ നമ്പർ 50 |
| കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാൻ സാദ്ധ്യത ഉള്ളവ | 40,49 |

മേൽ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ വിശേഷ്യാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-39 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതമായാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രോജക്ട് ഫോറം, ട്രഷറി ബില്ലുകളുടെ പകർപ്പുകൾ, അനുബന്ധ വൗച്ചറുകൾ, ടെണ്ടർ ക്ഷണിച്ചതിന്റെ ഫയലുകൾ, കാഷ് ബില്ലുകൾ, സ്റ്റോക്ക് രേഖകൾ ഇവ ഒറ്റ ഫയലായി സൂക്ഷിക്കുന്നില്ല. രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുമില്ല. ഓഡിറ്റ് റിക്വിസിഷൻ, സമൻസ്, ഷോകോസ് നോട്ടീസ്, ഇവ നൽകിയതിനു ശേഷമാണ് പല രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇനിയും രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്നുമുണ്ട്. ഇത് ഫയൽ സൂക്ഷിപ്പിലെ അപാതകൾ വ്യക്തമാക്കുന്നു. പ്രോജക്ട് ഫോറം, ട്രഷറി ബിൽ ബുക്ക് ഇവ ഫയലുകളോടൊപ്പം ഹാജരാക്കിയിരുന്നുമില്ല. രേഖകൾ ക്രമീകരിച്ച് സൂക്ഷിക്കാതിരുന്നത് പ്രോജക്ടുകളുടെ പരിശോധന ദുഷ്കരമാക്കി. ഓരോ പദ്ധതികളുടേയും പ്രോജക്ട് ഫോറം, ട്രഷറി ബില്ലുകളുടെ പകർപ്പുകൾ, ഓരോ ബില്ലുകളുടേയും ചെലവുരേഖകൾ, വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെങ്കിൽ ടെണ്ടർ രേഖകൾ, മറ്റ് അനുബന്ധ രേഖകൾ ഇവ ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല; നിർവ്വഹണ ഏജൻസികളിൽ ശേഷിക്കുന്നത് 88.61 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് 2016-17 മുതൽ 2020-21 വരെ വിവിധ നിർവ്വഹണ ഏജൻസികളിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഏക വർഷ പദ്ധതിയായി അംഗീകാരം നേടി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കണം എന്ന കരാർ നിബന്ധനയ്ക്ക് വിധേയമായാണ് നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറിയിട്ടുള്ളത് എങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് അന്തിമ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|
| **2016-17** | | |
| നെടുമുരുപ്പേൽ എസ് എൻ ഡി പി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | കേരള വാട്ടർ അതോറിറ്റി | 66000 |
| പ്രമാടം കുടിവെള്ള പദ്ധതി-ഐരേത്ത് വിള ടാങ്കിന് വാൽവ് (എസ് 0083/2017) | കേരള വാട്ടർ അതോറിറ്റി | 49000 |
| വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ (എസ് 0156/16-17) | കെ.എസ്.ഇ.ബി | 1814848 |
| 8-ാം വാർഡിൽ കോളനിയിൽ തെരുവ് വിളക്ക് ലൈൻ | കെ.എസ്.ഇ.ബി | 127155 |
| തലയറ കോളനി 3-ഫേസ് വൈദ്യുതി കണക്ഷൻ | കെ.എസ്.ഇ.ബി | 464200 |
| **2017-18** | | |
| പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (264/18) | വാട്ടർ അതോറിറ്റി | 554000 |
| സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (259/18) | കെ.എസ്.ഇ.ബി | 1418395 |
| **2018-19** | | |
| പഞ്ചായത്തിന്റെ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, 62/19 | കെ.എസ്.ഇ.ബി | 1840737 |
| പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (149/19, എസ്.സി.പി) | കെ.എസ്.ഇ.ബി | 77119 |
| തലയിറക്കോളനി കുടിവെള്ള പദ്ധതി- ജലശുദ്ധീകരണ പ്ലാന്റ്, 329/19 | വാട്ടർ അതോറിറ്റി, പത്തനംതിട്ട | 640000 |
| വെള്ളപ്പാറ കിങ്കിരേത്ത് കുടിവെള്ള പദ്ധതി ഇലക്ട്രിസിറ്റി കണക്ഷൻ | കെ.എസ്.ഇ.ബി, കോന്നി | 20000 |
| **2019-20** | | |
| പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (21/20) | കെ.എസ്.ഇ.ബി | 312848 |
| എഴുമൺ കുടിവെള്ള പദ്ധതി (298/20) | കേരള വാട്ടർ അതോറിറ്റി | 1710000 |
| കൈതക്കര കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ, ഫിറ്റിംഗ് ചാർജ്ജ് (300/20) | കേരള വാട്ടർ അതോറിറ്റി | 60000 |
| പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേക്ക് തെരുവ്വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (310/20) | കെ.എസ്.ഇ.ബി | 93975 |
| വട്ടക്കാവ് ഞക്കുകാവ് കുടിവെള്ള പദ്ധതിയ്ക്ക് ത്രീഫേസ് ലൈൻ (365/20) | കെ.എസ്.ഇ.ബി | 92158 |
| **2020-21** | | |
| നെല്ലിടംപാറ കുടിവെള്ള പദ്ധതിയ്ക്ക് ത്രീഫേസ് ലൈൻ വലിയ്ക്കൽ, 61/2021 | കെ.എസ്.ഇ.ബി. | 70437 |
| തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ, 130/21 | കെ.എസ്.ഇ.ബി. | 586402<br>1083508 |
| എഴുമൺ കുടിവെള്ള പദ്ധതി, 218/21 | കേരള വാട്ടർ അതോറിറ്റി | 81000 |
| മേശരിമുരുപ്പ് കുടിവെള്ള പദ്ധതി മോട്ടോറും അനുബന്ധ പ്രവൃത്തികളും, 370/2021 | കേരള വാട്ടർ അതോറിറ്റി | 150000 |
| ആശാരിമുരുപ്പ് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ, 405/2021 | കേരള വാട്ടർ അതോറിറ്റി | 310000 |
| ജലജീവൻ ഗാർഹിക കുടിവെള്ള പദ്ധതി, 446/21 | കേരള വാട്ടർ അതോറിറ്റി | 400000 |
| **ആകെ** | | **8860579** |

പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് ചെലവഴിച്ചിട്ടും ടി പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണ്. നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ മിച്ചമുള്ളത് 6.27ലക്ഷം രൂപ

കേരള വാട്ടർ അതോറിറ്റി മുഖേന 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ വിവിധ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും പദ്ധതി പൂർത്തീകരിച്ചതിനു

ശേഷം മിച്ചം വന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന നിർവ്വഹിച്ച പ്രവൃത്തികളുടെ തുകയും തിരികെ ലഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ചെലവഴിക്കാതെ സ്ഥാപനത്തിൽ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 2018-19 | വേങ്ങവിള കുടിവെള്ള പദ്ധതി പൂർത്തീകരണം, 165/19 | വാട്ടർ അതോറിറ്റി | 1300000 | 1062467 | 237533 |
| 2018-19 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 159/19 | വാട്ടർ അതോറിറ്റി | 460000 | 363151 | 96849 |
| 2019-20 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (152/20) | വാട്ടർ അതോറിറ്റി | 101000 | 84981 | 16019 |
| 2019-20 | പ്രമാടം കുടിവെള്ള പദ്ധതിയ്ക്ക് പമ്പ്സെറ്റും മോട്ടോറും സ്ഥാപിക്കൽ (198/20) | വാട്ടർ അതോറിറ്റി | 1160000 | 1133391 | 26609 |
| 2020-21 | കൈതക്കര കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ ഫിറ്റിംഗ് ചാർജ്, 178/2021 | വാട്ടർ അതോറിറ്റി | 240000 | 205702 | 34298 |
| 2020-21 | ഗംഗാ കുടിവെള്ള പദ്ധതി പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ, 217/21 | വാട്ടർ അതോറിറ്റി | 690000 | 578956 | 111044 |
| 2021-22 | എഴുമൺ കുടിവെള്ള പദ്ധതി അനുബന്ധ പ്രവർത്തനങ്ങൾ, 360/21 | വാട്ടർ അതോറിറ്റി | 560000 | 455015 | 104985 |
| | | | | | **627337** |

തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 51.22 ലക്ഷം രൂപ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 5122197 രൂപ ചെലവാകാതെ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബ്ലോക്ക് പഞ്ചായത്ത് | |
|---|---|
| ചെമ്പികുന്ന് കോളനി | 550000 |
| വൃദ്ധജന കേന്ദ്രം | 279353 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2018-19) | 106198 |
| തലയറ കുടിവെള്ള പദ്ധതി | 60000 |
| ലൈഫ് പദ്ധതി (റ്റി.എസ്.പി) | 200000 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (2018-19) | 28906 |
| ബനാനപാർക്ക് (രണ്ടാം ഘട്ടം) | 10528 |
| മട്ടലിൻ കടവ് തടയണ | 750000 |
| ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (2019-20) | 200200 |
| 77-ാം നമ്പർ അങ്കണവാടി നിർമ്മാണം- ബാലൻസ് തുക | 10828 |
| മണ്ടയ്ക്കാമുരുപ്പ് റോഡ് | 105842 |
| പന്നിവേലി നിർമ്മാണം (2019-20) | 800000 |
| ലൈഫ് ജനറൽ (2018-19) | 599860 |
| **ജില്ലാ പഞ്ചായത്ത്** | |
| ബനാന പാർക്ക് | 164888 |
| മിൽക്ക് ഇൻസെന്റീവ് | 63143 |
| 43ാം നമ്പർ അങ്കണ വാടി | 100000 |
| | |

| | |
|---|---|
| മിൽക്ക് ഇൻസെന്റീവ്(2018-19) | 40000 |
| സ്കോളർഷിപ്പ് ബാലൻസ് തുക | 4000 |
| ലൈഫ് എസ്.സി.പി(2019-20) | 821173 |
| പൂങ്കാവ് മാർക്കറ്റ് ഓട | 67278 |
| ലൈഫ് റ്റി.എസ്.പി. | 160000 |
| | **5122197** |

2019-20 വരെ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ട്രഷറി അക്കൗണ്ടിലേയ്ക്ക് നൽകിയ തുകയാണ് ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നത്. 2020-21 മുതൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം റിക്വിസിഷൻ പ്രകാരം നേരിട്ട് നൽകുകയാണ്.

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (Zero Balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 130/20- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 300000 | 0 |
| | 700000 | 235/20- ലൈഫ് (ജനറൽ) | 700000 | 0 |
| | 51117 | 9/20- ബ്ലോക്ക് വിഹിതം തിരികെ അടയ്ക്കൽ | 51117 | 0 |
| | 400000 | 338/20- മുണ്ടക മുരുപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 1454843 | 232/21-ലൈഫ് (ജനറൽ) | 1454843 | 0 |
| | 1115344 | 234/21-ലൈഫ് (എസ്സ്.സി.പി.) | 1115344 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

**ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (10/21) | 599820 | 0 | 599820 |
| കെ.എസ്.ഇ.ബി | നെല്ലിടാം പാറകാവ് കുടിവെള്ള പദ്ധതിയ്ക്ക് ത്രീഫേസ് ലൈൻ (61/21) | 70437 | 0 | 70437 |
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേക്ക് തെരുവ്വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (130/21) | 1669910 | 0 | 1669910 |
| വാട്ടർ അതോറിറ്റി | ഗംഗാ കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ (217/21) | 690000 | 578956 | 111044 |
| വാട്ടർ അതോറിറ്റി | എഴുമൺ കുടിവെള്ള പദ്ധതി (218/21) | 810000 | 0 | 810000 |
| വാട്ടർ അതോറിറ്റി | എഴുമൺ കുടിവെള്ള പദ്ധതി അനുബന്ധ പ്രവർത്തനങ്ങൾ (360/21) | 560000 | 455015 | 104985 |
| വാട്ടർ അതോറിറ്റി | ആശാരി മുരുപ്പ് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | 310000 | 0 | 310000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷത്തേതുൾപ്പെടെ തിരിച്ചടയ്ക്കാനുണ്ടായിരുന്ന ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | 4519033 | 0 | 4519033 | 1672001 | 0 | 2847032 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |
| 2015-16 | 2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 150150584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 135739398 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3270 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 948585 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3270 | ശ്രീമതി മിനി മറിയം ജോർജ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 882402 | ശ്രീമതി മിനി മറിയം ജോർജ്, സെക്രട്ടറി |
| 1-36 | 59805 | ശ്രീമതി വൽസല, ഹെഡ്മിസ്ട്രസ് |
| 1-37 | 6378 | ശ്രീമതി വൽസല, ഹെഡ്മിസ്ട്രസ് |
| **ആകെ** | **948585** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി മറിയം ജോർജ് | സെക്രട്ടറി<br>റാന്നി ഗ്രാമപഞ്ചായത്ത് | പനച്ചക്കൽ<br>മങ്ങാരം പി.ഓ<br>കോന്നി |
| ശ്രീമതി വൽസല | ഹെഡ്മിസ്ട്രസ്<br>റാന്നി ഗ്രാമപഞ്ചായത്ത് | ഹരിതഭവൻ<br>മല്ലശ്ശേരി പി.ഓ<br>പ്രമാടം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2.659/01, തീയതി 11.06.2002 | 2 |

| | | |
|---|---|---|
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി2.588/98, തീയതി 07.12.1999 | 8 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05, തീയതി 04.01.2006 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2.251/2000, തീയതി 24.11.2001 | 13 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3/157/2008, തീയതി 27.03.2008 | 1 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2.289/02, തീയതി 16.12.02 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/158/2008, തീയതി 27/03/2008 | |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3/159/08, തീയതി 27.03.08 | 1 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 5 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06, തീയതി 05.09.07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി9/751/08, തീയതി 05.05.10 | 4 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി9/246/10, തീയതി 08.12.2010 | 11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി10/208/11, തീയതി 30.10.12 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11, തീയതി 30.10.12 | 4 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി9.1112/12, തീയതി 15.03.2014 | 10 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ-പി9-539/14, തീയതി 06.11.2014 | 6 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ-പി9-149/16, തീയതി 10.02.2016 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16, തീയതി 02.12.2016 | 18 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017, തീയതി 29.08.2017 | 12 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 13 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.9/177/2020, തീയതി 07.05.2020 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്